# കേരള സർവകലാശാല

നം. പി.ആർ.137/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്സ് പരീക്ഷാ ഫലം

2017 ഡിസംബർ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി (മൾട്ടിമേജർ) (2015 അഡ്മിഷൻ റെഗുലർ, 2014 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2013 അഡ്മിഷൻ സപ്ലിമെന്ററി), ബി.എസ്.സി – എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (2015 അഡ്മിഷൻ – റെഗുലർ, 2013, 2014 അഡ്മിഷൻ – സപ്ലിമെന്ററി), ബി.എസ്.ഡബ്ല്യൂ (2015 അഡ്മിഷൻ – റെഗുലർ, 2014 അഡ്മിഷൻ– സപ്ലിമെന്ററി) എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്സ്–ബി.എസ്.സി. പരീക്ഷാ ഫലം

2017 ഡിസംബർ മാസത്തിൽ നടത്തിയ സി.ബി.സി.എസ്–ബി.എസ്.സി അഞ്ചാം സെമസ്റ്റർ (റെഗുലർ 2015 അഡ്മിഷൻ ആന്റ് സപ്ലിമെന്ററി 2013 & 2014 അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 10 വരെ.

## സി.ബി.സി.എസ്. ബി.കോം അഞ്ചാം സെമസ്റ്റർ ഫലം

2017 ഡിസംബർ മാസം നടന്ന സി.ബി.സി.എസ്.ബി.കോം അഞ്ചാം സെമസ്റ്റർ 2015 അഡ്മിഷൻ (റെഗുലർ), 2014 അഡ്മിഷൻ (ഇംപ്രൂവ്മെന്റ്), 2013 അഡ്മിഷൻ (സപ്ലിമെന്ററി) ഫലം ലഭ്യമാണ്. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 10. ഇതിന് വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന കരട് മാർക്ക് ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

## ഒന്നാം സെമസ്റ്റർ എം.എഡ്

2017 ഡിസംബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ് (Non CSS-Two Year Programme - 2015 സ്കീം – റെഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്.

## ബി.എ മ്യൂസിക് ഒന്നാം വർഷ ബിരുദ പ്രവേശനം 2018

ഒന്നാം വർഷ ബി.എ. മ്യൂസിക്കിന് പ്രവേശനം ആഗ്രഹിക്കുന്നവർ അഭിരുചി പരീക്ഷകൾക്കായി തിരുവനന്തപുരം നീറമൺകര എൻ.എ സ്.എസ്. കോളേജിൽ ജൂൺ 20 നും, കൊല്ലം എസ്. എൻ.വനിതാ കോളേജിൽ ജൂൺ 21 നും തിരുവനന്തപുരം ഗവൺമെന്റ് വനിതാ കോളേജിൽ ജൂൺ 22 നും ഹാജരാകണമെന്നറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിനെ സമീ പിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം എം.ബി.എ, ബി.സി.എ/ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് ഡിഗ്രി പരീക്ഷ

ജൂലൈ 18 ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.സി.എ / ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് ഡിഗ്രി പരീക്ഷക്കും സെപ്തംബർ 6–ാം തീയതി മുതൽ നടത്തുന്ന നാലാം സെമസ്റ്റർ എം.ബി.എ പരീ ക്ഷക്കും പിഴയില്ലാതെ ജൂൺ 26 വരെ, 50 രൂപ പിഴയോട് കൂടി ജൂൺ 28 വരെയും, 125 രൂപ പിഴയോട് കൂടി ജൂൺ 30 വരെ അപേക്ഷിക്കാം. വിശ ദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. 23.06.2018 വരെ ഫീസ് അടയ്ക്കാം**

കേരള സർവകലാശാലയുടെ 2018-19 വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാം. ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കാത്തവരും എന്നാൽ രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും ചെയ്ത അപേക്ഷകർ ഓൺലൈനായോ അല്ലാത്ത പക്ഷം വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ശേഷം അഡ്മിഷൻ ഫീസ് അടയ്ക്കാനുള്ള ചലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിലോ ഫീസ് അടയ്ക്കണം. ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഫീസ് അടച്ചവർ വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840 രൂപയുമാണ്. ഫീസ് ബാങ്കിൽ അടച്ചു കഴിഞ്ഞാൽ ഇവർ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) 23.06.2018-നകം രേഖപ്പെടുത്തി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം യഥാസമയം ചേർക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകും. ഇങ്ങനെയുള്ളവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. ഒന്ന്, രണ്ട്,മൂന്ന് ഘട്ടം അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ ഹാജരായാൽ മതിയാകും.

രണ്ടാം ഘട്ട അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം വെബ്സൈറ്റിൽ ചേർത്ത ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 25 രാവിലെ 10 മണി വരെ നീക്കം ചെയ്യാം. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത (മൂന്നാം) അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

**തിരുവനന്തപുരം.**
**19.06.2018**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**